വിദ്യാഭ്യാസം ദേശീയമാക്കുന്നതിൽ ബഹുമാനപ്പെട്ട ഗവണ്മെൻറിനു വല്ല അഭിപ്രായവും ഉണ്ടോ എന്നു സഭയെ പറയാമോ?

HON'BLE MR. N. KUNJURAMAN : ഈ സംഗതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽ ഇരിക്കയാണു്.

കന്നുകാലിമേച്ചിൽസ്ഥലങ്ങൾ.

*128 MR. P. C. ADICHAN : താഴെ കാണുന്ന ചോദ്യങ്ങൾക്കു് കന്നുകാലിമേച്ചിൽ സ്ഥലങ്ങളുടെ ചുമതല വഹിക്കുന്ന ബഹുമാനപ്പെട്ട മന്ത്രി സഭയെ മറുപടി പറയുമോ?

(എ) കന്നുകാലിമേച്ചിൽ സ്ഥലങ്ങൾ സമീപത്തെങ്ങും ഇല്ലാത്ത പട്ടണങ്ങളിലും കടലോരപ്രദേശങ്ങളിലും വളരുന്ന കന്നുകാലികൾ മറ്റു കന്നുകാലികളെ അപേക്ഷിച്ചു് വളരെ ആരോഗ്യമുള്ളതായും അവിടെ പശുക്കൾക്കു് മറ്റു പശുക്കളെ അപേക്ഷിച്ചു് കൂടുതൽ പാൽഉള്ളതായും ബഹുമാനപ്പെട്ട ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ പെട്ടിട്ടുണ്ടോ?

(ബി) കന്നുകാലിമേച്ചിൽസ്ഥലത്തിനടുത്തു് വളരുന്ന കന്നുകാലികൾ വളരെ ആരോഗ്യം നശിച്ചു് കാണപ്പെടുന്നതായി ബഹുമാനപ്പെട്ട ഗവണ്മെൻറിനറിയാമോ എന്നു സഭയെ മറുപടി പറയുമോ?

HON'BLE MR. V. O. MARKOS : (*a*) Government are aware that cattle in towns and coastal areas which are fed with concentrate feeds like oil-cakes, oil-seeds, and pulses are more healthy and better performers than cattle depending entirely on grazing.

(*b*) *No.*

Construction of cemetaries and places of public worship.

*129. MR. PAUL THALIAT : Will the Honourable Minister for Political and General be pleased to state :

(a) whether any representations have been received requesting for the repeal of all the rules passed during the regime of Sir C. P. Ramaswami Aiyar, restricting the construction of cemetaries and places of public worship ; and

(*b*) if the answer to part (a) is in the affirmative what action has been taken ?

HON'BLE MR. T. K. NARAYANA PILLAI :

(a) Yes.

(b) The matter is receiving the attention of Government.

MR. PAUL THALIAT : എത്രയും വേഗത്തിൽ ഈ സംഗതിയിൽ ഒരു തീരുമാനമുണ്ടാക്കാൻ ഗവണ്മെൻറിനു ദയവുണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. T. K. NARAYANA PILLAI : അതിന്റെ എല്ലാ വിവരങ്ങളും രേഖരിച്ചും അതു സംബന്ധിച്ചുണ്ടായിട്ടുള്ളതും ഉണ്ടാകാവുന്നതുമായ എല്ലാ വാദമുഖങ്ങളേയും പരിശോധിച്ചും ആവശ്യമായ തീരുമാനങ്ങൾ ഗവണ്മെൻറിൽ നിന്നും ചെയ്യുന്നതാണ്.

MR. PAUL THALIAT : കുറെ കൂടുതൽ വേഗം ചെയ്യാൻ ദയവുണ്ടാകുമോ?

HON'BLE MR. T. K. NARAYANA PILLAI : അതേക്കുറിച്ച്, ഫർണ്ണുമുതലുള്ള ചില പരിഷ്കാരങ്ങളിൽ എന്തെങ്കിലും ഭേദഗതി അഥവാ പരിഷ്കാരം ആവശ്യമാണെന്ന മതിയായ കാരണങ്ങളാൽ ഗവണ്മെൻറിനെ ബോദ്ധ്യപ്പെടുത്തുന്ന പക്ഷം അതിനെ തുടർന്നും അതിനെ അനുസൃതമാക്കിയും വേണ്ട നടപടികൾ നടത്തുന്നതിന് ഗവണ്മെൻറ് ഒട്ടും മടികാണിക്കുന്നതല്ല.

MR. EAPEN ARAKKAL : ഈ നിയമം തുടർന്നുകൊണ്ടിരിക്കുന്നതുകൊണ്ടു ജനങ്ങൾ കഷ്ടതയനുഭവിക്കുന്നതായി ഗവണ്മെൻറിനു അറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : ഇന്നു നിലവിലിരിക്കുന്ന രൂപം അടിസ്ഥാനമാക്കി നോക്കിയാൽ തന്നെയും ചില പ്രത്യേക പരിതസ്ഥിതികളിൽ ഡിസ്ക്രിഷൻ ഉപയോഗിച്ചു വേണ്ട നടപടി എടുക്കുവാനുള്ള അധികാരം ഗവണ്മെൻറിനുണ്ട്.

MR. EAPEN ARAKKAL : കഴിഞ്ഞ പ്രാവശ്യം ആലപ്പുഴ ഒരു സിമിറ്റി സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു അപേക്ഷ അയച്ചു. അതു താഴെ നിന്നു ശുപാർശ ചെയ്തു വരികയും ചെയ്തു. പക്ഷെ ഗവണ്മെൻറു മതിയായ കാരണങ്ങൾ ഒന്നും കാണിക്കാതെ അപേക്ഷ തള്ളിയിരിക്കുന്നതായി അറിയിച്ചു. ഇതു സംബന്ധിച്ച് എന്തെങ്കിലും ഗവണ്മെൻറിനറിയാമോ ?

HON'BLE MR. T. K. NARAYANA PILLAI : ആലപ്പുഴ നിന്ന് എന്നു പറഞ്ഞാൽ അതു വ്യക്തമല്ല. ഏതാളാണ് അപേക്ഷ അയച്ചതെന്നു വ്യക്തമായി ബഹുമാനപ്പെട്ട മെംബർ ഗവണ്മെൻറിന്റെ ദൃഷ്ടിയിൽ കൊണ്ടു വന്നിട്ടില്ല.

Pay Commission.

*130. MR. PAUL THALIAT : Will the Honourable Minister for Public Service be pleased to state :

(a) the date on which the Pay Commission was constituted ;

LIBRARY ARCHIVES Kerala Legislative Assembly